# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1662 5/12/2014 ൽ മറുപടിയ്ക്ക്

## പച്ചക്കറിയുടെ വിലവർദ്ധനവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ. കെ. വിജയൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പച്ചക്കറി വില്പന മേഖലയിൽ ഇടനിലക്കാരുടെ ഇടപെടൽ മൂലം വിലവർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) എങ്കിൽ യഥാർത്ഥ കർഷകന് ന്യായമായ വില ലഭിക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ;<br>&<br>(സി) കൂടുതൽ സർക്കാർ നിയന്ത്രിത പച്ചക്കറി മാർക്കറ്റുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) | സംസ്ഥാനത്തെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും, ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് 6 കാർഷിക മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചു വരുന്നു. കാർഷിക മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 5 ജില്ലാസംഭരണ വിപണന കേന്ദ്രങ്ങൾ കൂടി ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. വി.എഫ്.പി.സി.കെ യുടെ നിയന്ത്രണത്തിലുള്ള കർഷക വിപണികളിലും കർഷകർക്ക് നേരിട്ട് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് സൗകര്യമുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപെടുത്തുന്നതിനും, കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമായി കൗൺസിലിന്റെ കീഴിൽ സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കൂട്ടായി വിപണനം ചെയ്യുന്നതുവഴി അവർക്ക് ന്യായമായ വില ഉറപ്പാക്കുവാൻ കഴിയുന്നു. |

സെക്ഷൻ ഓഫീസർ